# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4682

29-06-2012 ൽ മറുപടിയ്ക്ക്

## നെൽകൃഷിക്കുള്ള വിവിധ സബ്സിഡികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | നെൽകൃഷിക്കുള്ള വിവിധ സബ്സിഡികൾ കർഷകർക്ക് നേരിട്ട് നൽകാൻ തീരുമാനിച്ചുവോ; എങ്കിൽ ആയത് എന്നു മുതൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 152/2012/എ.ഡി തീയതി 19/06/2012 പ്രകാരം സംസ്ഥാനത്തെ കർഷകർക്ക് വിവിധ പദ്ധതികൾ പ്രകാരം അനുവദിക്കുന്ന ആനുകൂല്യങ്ങൾ തങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇ.സി.എസ് & ഇ - പേയ്മെന്റുകൾ വഴി നിക്ഷേപിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയത് 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്. കർഷകരുടെ ബാങ്ക് അക്കൗണ്ടുകളുടെ വിവരശേഖരണം പൂർത്തീകരിക്കുന്നതു വരെ നിലവിലുള്ള സ്ഥിതി തുടരുന്നതിന് അനുമതി നല്കിയിട്ടുണ്ട്. |
| (ബി) | ഉത്പാദനോപാധികൾ വാങ്ങാനുള്ള സബ്സിഡി നിലവിൽ എത്ര രൂപയായിരുന്നു; ആയത് കൂട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ കൂട്ടാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | ഉല്പാദനോപാധികൾ വാങ്ങുന്നതിനുള്ള സബ്സിഡി നിരക്കിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

(സി) പാടശേഖരസമിതി സെക്രട്ടറിമാർ വ്യാപകമായി രാസവളങ്ങളും മറ്റും മറിച്ച് വിൽക്കുകയും യഥാർത്ഥ കർഷകർക്ക് ഇവ കിട്ടാതെ വരുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ആയതിനു സാദ്ധ്യതയുള്ളതിനാൽ പാടശേഖരങ്ങൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് തന്നെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഡി) രാസവളത്തിന്റെ പെർമിറ്റ് കർഷകർക്ക് നൽകുന്ന രീതി അവസാനിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 19/06/12 ലെ 152/12/എ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതോടെ വിവിധ പദ്ധതികൾ പ്രകാരം കർഷകർക്ക് പെർമിറ്റ് നല്കുന്നതിന്റെ പ്രസക്തി കുറയുകയും കൃഷി ചെയ്യുന്ന വിളകളുടെ വിസ്തീർണ്ണം അനുസരിച്ച് കർഷകർക്ക് അർഹിക്കുന്ന ആനുകൂല്യങ്ങൾ തങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇ.സി.എസ് വഴി നിക്ഷേപിക്കുകയും ചെയ്യപ്പെടുന്നതാണ്. ഇതിനു വേണ്ടി കർഷകരുടെ മുഴുവൻ അക്കൗണ്ട് നമ്പരുകളും ശേഖരിച്ച് മുഴുവനായുള്ള ഡാറ്റ് ബാങ്ക് വരുന്നതുവരെ നിലവിലുള്ള സമ്പ്രദായം തുടരുന്നതാണ്.

(ഇ) നിലവിൽ ഒരു ഹെക്ടർ നെൽകൃഷി ചെയ്യുന്നതിനുള്ള സബ്സിഡി എത്ര രൂപയായിരുന്നു; ആയത് ഇപ്പോൾ കൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; വ്യക്തമാക്കുമോ;

(ഇ) 2011-12 വർഷം സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഒരു ഹെക്ടർ നെൽകൃഷി ചെയ്യുന്നതിന് കരനെൽകൃഷിയ്ക്ക് 5000/- രൂപ ആയിരുന്നത് ഹെക്ടറിന് 7500/- രൂപയായി 2012-13 വർഷം വർദ്ധിപ്പിച്ചിട്ടുണ്ട്. നെൽകൃഷിക്കാർക്ക് ഇപ്പോൾ നൽകിവരുന്ന പ്രൊഡക്ഷൻ സബ്സിഡി 03/07/2012 ലെ സ.ഉ (എം.എസ്) നമ്പർ 160/12/കൃഷി ഉത്തരവ് പ്രകാരം 1500 രൂപയിൽ നിന്ന്

3000 രൂപയായി വർദ്ധിപ്പിക്കുകയും അതിനുപുറമെ ഹെക്ടറിന് 1000/- രൂപ പ്രത്യേക സബ്സിഡിയായി അനുവദിക്കുകയും ചെയ്തു.

(എഫ്) സംസ്ഥാനത്തൊട്ടാകെ എത്ര ഹെക്ടറിലാണ് ഓരോ വിളയ്ക്കും നെൽകൃഷി യിറക്കുന്നത്; കേരളത്തിന് ആവശ്യമായ അരിയുടെ എത്ര ശതമാനം ഇതിലൂടെ ലഭിക്കുമെന്ന് കരുതുന്നു; വ്യക്തമാക്കുമോ?

(എഫ്) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2010-11 വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ ആകെയുള്ള (മൂന്നു വിളകൾക്കുമായി) നെൽകൃഷി വിസ്തീർണ്ണം 2,13,187 ഹെക്ടറും ഉല്പാദനം 5,22,738 ടണ്ണും ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിസ്തൃതി (ha) | ഉല്പാദനം (ടൺ) |
| --- | --- |
| ഒന്നാം വിള (വിരിപ്പ്) 70498 ഹെക്ടർ | 170262 |
| രണ്ടാം വിള (മുണ്ടകൻ) 91556 ഹെക്ടർ | 215011 |
| മൂന്നാം വിള (പുഞ്ച) 51133 ഹെക്ടർ | 137465 |
| ആകെ 213187 ഹെ | 522738 ടൺ |

കേരളത്തിന് ആവശ്യമായ അരിയുടെ 15 മുതൽ 20 ശതമാനത്തോളം മാത്രമാണ് കേരളത്തിൽ ഉല്പാദിപ്പിക്കുന്നത്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

വിവിധ പദ്ധതികൾ പ്രകാരം കർഷകർക്ക് നല്കി വരുന്ന ആനുകൂല്യങ്ങളും 2012-2013 വർഷത്തെ ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു.

| | പദ്ധതിയുടെ പേര് | ആനുകൂല്യത്തിന്റെ നിരക്ക് (ഹെക്ടറിന്) 2011 2012 വർഷം | 2012-2013 വർഷം |
|---|---|---|---|
| I | **സുസ്ഥിര നെൽകൃഷി** | | |
| | 1. ഗ്രൂപ്പ് ഫാമിംഗ് | 1500.00 രൂപ | 3000/- രൂപ |
| | 2. തരിശു കൃഷി പ്രോത്സാഹനം | 5000.00 ,, | പദ്ധതി ഇല്ല |
| II | **സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി** | | |
| | 1. കരനെൽ കൃഷി | 5000.00 ,, | 7500.00 രൂപ |
| | 2. വനിതഗ്രൂപ്പുകൾവഴിയുള്ള തരിശുനില നെൽകൃഷി | 10000.00 ,, | ഈ വർഷം പദ്ധതി ഇല്ല |
| | 3. സുഗന്ധ നെല്ലിന വികസന പദ്ധതി | 10000.00 ,, | |
| | പ്രത്യേക നെല്ലിന വികസന പദ്ധതി | | 10000.00 |
| III | **മൈക്രോ മാനേജ്മെന്റ് നെൽകൃഷി** | | |
| | 1. കുമ്മായം | | |
| | 2. മൈക്രോ ന്യൂട്രിയന്റ് വളങ്ങൾ | 500.00 രൂപ | 500.00 (മാറ്റമില്ല) |
| | 3. സസ്യ സംരക്ഷണ മരുന്നുകൾ | 500.00 | 500.00 ,, |
| | 4. നെൽ വിത്ത് | 500.00 | 500.00 |
| | | കിലോയ്ക്ക് 5/- രൂപ | കിലോയ്ക്ക് 5 രൂപ |
| IV | **R K V Y** നെൽകൃഷി | | |
| | 1. നെൽകൃഷി മേഖലകളിൽ ഉല്പാദന വർദ്ധനവിനുള്ള പദ്ധതി | 500.00 | 3000 രൂപ |

സെക്ഷൻ ഓഫീസർ